(ബി)&(സി) ടെലഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുള്ള മന്ത്രിമാരുടെ ഓഫീസുകളുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

		സ്ഥാപിച്ച തീയതി
മുഖ്യമന്ത്രിയുടെ ഓഫീസ്	-	28.9.96
തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ ഓഫീസ്	-	13.12.96
ഗതാഗതം, വനം, ദേവസ്വം വകുപ്പ് മന്ത്രിയുടെ ഓഫീസ്	-	20.01.99
ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസ്	-	5.08.96
വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസ്	-	6.04.97
വൈദ്യുതി, സഹകരണ വകുപ്പുമന്ത്രിയുടെ ഓഫീസ്	-	25.07.96

മന്ത്രിസഭാംഗങ്ങളുടെ സൽക്കാരച്ചെലവ്

3 (3)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ സൽക്കാരച്ചെലവിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഓരോ മന്ത്രിക്കുംവേണ്ടി ഈ ഇനത്തിൽ എന്തു ചെലവു വേണ്ടിവന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.10.99 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 39,05,969/- രൂപ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മന്ത്രിസഭാംഗങ്ങളുടെ ചെലവിനങ്ങൾ

4 (4)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ മന്ത്രിമാരുടെ ചെലവിനത്തിൽ ഓരോ സാമ്പത്തിക വർഷവും എന്തു തുക വീതം ചെലവായിട്ടുണ്ട്;

(ബി) പ്രസ്തുത കാലഘട്ടത്തിൽ മുഖ്യമന്ത്രിയുൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി ശരാശരി എന്തു തുക ചെലവായിട്ടുണ്ട്;

(സി) മുൻഗവൺമെന്റിന്റെ കാലത്ത് ഇതേ കാലയളവിലേയ്ക്ക് ഒരു മന്ത്രിക്കുവേണ്ടി ശരാശരി എന്തു തുക ചെലവായിട്ടുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ മന്ത്രിമാരുടെ ടി.എ., ഡി.എ., സൽക്കാരച്ചെലവ്, മെഡിക്കൽ റീ ഇംപേ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഴ്സ്മെന്റ് സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷവും ചെലവായ തുകയുടെ വിവരം അനുബന്ധമായി (I ആന്റ് II)† ചേർത്തിരിക്കുന്നു. മറ്റു ചെലവുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) മന്ത്രിമാരുടെ എല്ലാ ചെലവുകളേയും സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ. അതിനാൽ ശരാശരി ചെലവായ തുകയെ സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിസഭാംഗങ്ങളുടെ വിദേശപര്യടനം

5 (5)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരും ചീഫ് വിപ്പും വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഇവരിൽ മുഖ്യമന്ത്രിയും മറ്റോരോ മന്ത്രിമാരും എത്ര പ്രാവശ്യം വീതം വിദേശ പര്യടനം നടത്തി;

(സി) ഓരോ പ്രാവശ്യവും നടത്തിയ വിദേശപര്യടനത്തിൽ ഓരോരുത്തരും ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചു;

(ഡി) ഈ വിദേശ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) സംസ്ഥാനത്തിന്റെ വ്യാവസായിക വികസനം മുൻനിർത്തി വിദേശ വ്യവസായികളെ സംസ്ഥാനത്തേക്ക് ക്ഷണിക്കുന്നതിനുവേണ്ടി ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തി;

(എഫ്)സംസ്ഥാന ഗവൺമെന്റിന്റെ ചെലവിലല്ലാതെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ജി) അവർ ആരുടെ ചെലവിലാണ് വിദേശപര്യടനം നടത്തിയതെന്ന് അറിയിക്കുമോ;

(എച്ച്) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്ക് എന്തു തുകയ്ക്കുള്ള വിദേശനാണ്യം അനുവദിക്കുകയും അവർ കൈപ്പറ്റുകയും ചെയ്തു;

(ഐ) വിദേശ പര്യടനം നടത്തിയ മന്ത്രിമാരോരുത്തരും അതിനു വേണ്ടി മാത്രം ഒട്ടാകെ ടി.എ., ഡി.എ., എന്റർടൈൻമെന്റ് അലവൻസ് മറ്റു ചെലവുകൾ എന്നീ ഇനങ്ങളിൽ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ട്?

ഉത്തരം

(എ)-(ഡി) മറുപടി അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു†

(ഇ) മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവർ കേരളത്തിന്റെ വിവിധ മേഖലകളിലെ വികസനസാദ്ധ്യതകൾ ആരായാനായിരുന്നു എല്ലാ മന്ത്രിമാരുടേയും വിദേശയാത്രാലക്ഷ്യം.

(എഫ്)ആരും നടത്തിയിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly